നം. ഇ7/9/2013

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :23..3..2013

# പരിപത്രം

വിഷയം : സാമൂഹ്യനീതി വകുപ്പ് - ക്ഷേമസ്ഥാപനങ്ങളിലെ ബില്ലുകൾ കൺട്രോളിംഗ് ഓഫീസർ മേലൊപ്പിടുന്നത് - സംബന്ധിച്ച്.

സൂചന :

സാമൂഹ്യനീതി വകുപ്പിലെ ഗ്രേഡ് III, ഗ്രേഡ് II സ്ഥാപനങ്ങളിലെ ശമ്പള ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മേലൊപ്പിട്ട് വേണം ട്രഷറിയിൽ നിന്ന് മാറേണ്ടതെന്ന് മുൻകാലങ്ങളിൽ വ്യക്തമായ ഉത്തരവുകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ വിവിധ കാര്യാലയങ്ങളിൽ എ.ജി.യുടെ പരിശോധനയിൽ, ശമ്പള ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകൾ Non Gazetted സ്ഥാപന മേധാവികൾ കൺട്രോളിംഗ് ഓഫീസറുടെ മേലൊപ്പില്ലാതെ മാറുന്നതായും, 18740-33680 രൂപ ശമ്പള സ്കെയിലിൽ താഴെയുള്ള മേൽപ്പറഞ്ഞ ഡി.ഡി.ഒ.മാർ സർക്കാർ ചട്ടത്തിന് വിരുദ്ധമായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വായ്പകളും മറ്റും അനുവദിക്കുന്നതായും കണ്ടെത്തിയതായി എ.ജി. അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എല്ലാ ഗ്രേഡ് III, ഗ്രേഡ് II സ്ഥാപനമേധാവികളും അവരുടെ സ്ഥാപനത്തിലെ ശമ്പള ബിൽ ഉൾപ്പെടെയുള്ള ബില്ലുകളിൽ **ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ മേലൊപ്പോടു കൂടി മാത്രമേ ട്രഷറിയിൽ നിന്ന് പണം പിൻവലിക്കാൻ പാടുള്ളൂ.**

18740-33680 (ഗസറ്റഡ് ജീവനക്കാർ) ശമ്പള സ്കെയിലിൽ താഴെയുള്ള സ്ഥാപന മേധാവികൾ അവരുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള വായ്പകൾ അനുവദിക്കാൻ പാടില്ലാത്തതും, ഇത്തരം അപേക്ഷകൾ അനുവദിക്കുന്നതിനായി സ്ലാബ് പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർ / മേഖലാ അസിസ്റ്റന്റ് ഡയറക്ടർ / സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഈ അറിയിപ്പ് തീയതി മുതൽ എല്ലാ ഗ്രേഡ് III, ഗ്രേഡ് II സ്ഥാപന മേധാവികളും കർശനമായി പാലിക്കേണ്ടതും, സ്ഥാപനങ്ങളിൽ നടത്തുന്ന ഓഡിറ്റുകളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് നടത്തുന്ന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

NA/13

ക്ഷേമസ്ഥാപനങ്ങളുടെ കൺട്രോളിംഗ് ഓഫീസർമാർ എന്ന നിലയിൽ മേലിൽ ഗ്രേഡ് III, ഗ്രേഡ് II ക്ഷേമസ്ഥാപന സുപ്രണ്ട്മാരുടെ സർവ്വീസ് ബുക്കിന്റെ നിയന്ത്രണം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് നൽകുന്നു. ക്ഷേമസ്ഥാപന ഗ്രേഡ് III, ഗ്രേഡ് II സുപ്രണ്ട്മാരുടെ വാർഷിക വേതന വർദ്ധനവ്, ശമ്പള നിർണ്ണയം, സർവ്വീസ് വെരിഫിക്കേഷൻ, ലീവ് അനുവദിക്കൽ തുടങ്ങിയവ മേലിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ചെയ്യേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ ക്ഷേമസ്ഥാപന (ഗ്രേഡ് III, II) സുപ്രണ്ടുമാർക്കും
3. വി.ടി.സൂപ്പർവൈസർ (തിരുവനന്തപുരം, കോഴിക്കോട്)
4. ഇ1 മുതൽ ഇ12 വരെ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

NA/13